(*b*) are the foremen, mechanic, fitters and other like employees subject to the authority of the District Officers or to somebody else?

Minister for Public Works, Communications & Agriculture **(Sri. E. John Philipose):**

(*a*) Government have realised that the District Officers should be given more powers to enable them to exercise better control over the subordinates.

(*b*) Mechanic Fitters and other like employees are working under the direct and absolute control of the Foremen for the conduct of work in the garages, the Foremen themselves being responsible to the respective District officers for the efficient maintenance and servicing of vehicles in the District. The overall administrative control of the entire staff in the districts is however vested in the District Officers themselves.

പിന്നോക്ക സമുദായക്കാർ

* ൧൧൦൨. (൪൨) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജനകീയഭരണം തുടങ്ങിയതിനുശേഷം കോട്ടയം താലൂക്കിലുള്ള പിന്നോക്കസമുദായക്കാർക്ക് ഏതേതു പ്രകൃതിയിൽ എത്രയെത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ട വ്യവസ്ഥയിൽ കുടിതാമസിക്കുവാൻ കൊടുത്തു?

(ബി) ഈ താലൂക്കുകളിൽ കർഷക തൊഴിലാളികൾക്ക് എത്ര വീടുകൾ വച്ചുകൊടുത്തു;

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) കൊടുത്തിട്ടില്ല.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഹരിജന വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്

* ൧൧൦൩. (൪൩) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹരിജൻ ഹോസ്റ്റൽ നിറുത്തിയാൽ എല്ലാ ഹൈസ്കൂളിലും മിഡിൽ സ്കൂളിലും പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കും പ്രതിമാസം ൫൦ രൂപാ വീതം സ്റ്റൈപ്പൻഡ് കൊടുക്കാമെന്ന പറഞ്ഞിട്ട് അപ്രകാരം കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന പിന്നോക്ക സമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(ബി) വീണ്ടും ഹോസ്റ്റലുകൾ സ്ഥാപിക്കണമെന്ന് വല്ലമ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) ഹരിജൻ ഹോസ്റ്റൽ നിറുത്തിയാൽ ഹൈസ്കൂളിലും മിഡിൽ സ്കൂളിലും പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കും പ്രതിമാസം മുപ്പത്തു രൂപാവീതം സ്റ്റൈപ്പൻഡ് കൊടുക്കാമെന്ന പറഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസ ഉപകരണങ്ങൾ മുതലായവയ്ക്കായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ൫൦ രൂ

LIBRARY ARCHIVES Kerala Legislative Assembly

പാവീതവും മിഡിൽസ്കൂൾ വിദ്യാർത്ഥികൾക്കു ഒരു പ്രാവീതവും സഹായധനം നൽകുന്നുണ്ട്".

(ബി) വീണ്ടും ഹോസ്റ്റലുകൾ സ്ഥാപിക്കാൻ ആലോചനയില്ല.

പിന്നോക്കസമുദായ കാളേജു വിദ്യാർത്ഥികൾ

*ക്ഷ ക്ഷ ക്ഷ ൦. (ന ൦) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്ക സമുദായത്തിൽപ്പെട്ട കാളേജുവിദ്യാർത്ഥികൾക്കു വിവിധ കാളേജുകളിൽ ഏതാണ്ടു സീറ്റുകൾ റിസർവുചെയ്യുന്നു് ഗവൺമെണ്ടിന്റെ നിർബന്ധംകൊണ്ടാണോ എന്നും തൻമൂലം വിദ്യാർത്ഥികൾക്കുണ്ടായ വിഷമതകൾ എന്തായിരുന്നു എന്നും പിന്നോക്കസമുദായ വകുപ്പുമന്ത്രി മറുപടിപറയുമോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് മേശമേൽ വച്ചിരിക്കുന്നു.

(Vide answer to question No. 1110)

At the meeting of the Advisory Committee for the Uplift of Backward Communities held on the 10th October 1949, it was resolved as follows.—

" The University may be addressed to reserve a certain percentage of seats to students of Backward Communities in all Government and private Colleges and institutions for technical studies ".

In pursuance of this decision it was resolved by the Government that the admission of students to Colleges be restricted. Afterwards this restriction for admission was given up. All students from among the Backward Communities who have applied for admission have been admitted in all Colleges of the State. There was no difficulty experienced by the students in this connection.

വ്യവസായ ശാലകൾ

*ക്ഷ ക്ഷ ക്ഷ. (ന്യൂ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടിൽനിന്നും നേരിട്ടു വ്യവസായശാലകൾ നടത്തുവാൻ ആലോചിക്കുന്നുണ്ടോ:

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

ഇപ്പോൾ നടത്തിവരുന്ന വ്യവസായങ്ങൾക്കു പുറമെ കൂടുതലായി വ്യവസായങ്ങൾ നേരിട്ടു നടത്തുവാൻ തല്ക്കാലം ഗവൺമെണ്ടു് ഉദ്ദേശിക്കുന്നില്ല.

PROPERTY TAX ON EDUCATIONAL INSTITUTIONS

*1112. [67] **Sri. Ambat Eachara Menon:** Will the Hon'ble Minister for Local Self Government be pleased to state the special reasons which weighed with them to concede the imposition of property tax on educational institutions in the City of Trivandrum alone?

Minister for Industries, Excise & Local Self-Government **(Sri. N. Kunjuraman:**

Educational institutions in the Municipalities are exempted by statute, from the payment of Property tax, while the Corporation of Trivandrum, the constitution

LIBRARY ARCHIVES Kerala Legislative Assembly